**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - മികച്ച കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിൽ 24 കായിക താരങ്ങളെ പൊതുവിദ്യാഭ്യാസ വകുപ്പിൽ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, പ്രസ്തുത വർഷങ്ങളിലെ ഒഴിവുകളിൽ 10.02.2020 ലെ സ.ഉ.(എം.എസ്)നം.20/2020/പൊ.ഭ.വ. ഉത്തരവ് പ്രകാരം താൽക്കാലിക നിയമനം നൽകിയവർക്കായി 74 സൂപ്പർന്യൂമററി തസ്തികകളും ആവശ്യമുള്ള എണ്ണം താൽക്കാലിക തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് -ഡി) വകുപ്പ്**

**സ.ഉ.(കൈ)നം.63/2022/പൊ.ഭ.വ.** **തീയതി, തിരുവനന്തപുരം, 22.04.2022**

പരാമർശം:- 1. 04.05.1985 ലെ സ.ഉ.(എം.എസ്.)നം.161/85/പൊ.ഭ.വ.

2. 13.06.1985 ലെ സ.ഉ.(പി)നം.216/85/പൊ.ഭ.വ.
3. 22.08.1985 ലെ സ.ഉ.(പി)നം.361/85/പൊ.ഭ.വ.
4. 20.05.2006 ലെ സ.ഉ.(എം.എസ്.)നം.127/2006/പൊ.ഭ.വ.
5. 17.07.2009 ലെ സ.ഉ.(പി)നം.170/2009/പൊ.ഭ.വ
6. 23.07.2014 ലെ സ.ഉ.(പി)നം.206/2014/പൊ.ഭ.വ.
7. 27.02.2015 ലെ സ.ഉ.(പി)നം.69/2015/പൊ.ഭ.വ.
8. 11.11.2015 ലെ സ.ഉ.(പി)നം.279/2015/പൊ.ഭ.വ.
9. 07.12.2015 ലെ 14652/എസ്.ഡി.1/2012/പൊ.ഭ.വ. നമ്പർ വിജ്ഞാപനം.
10. 20.10.2016 ലെ സ.ഉ.(പി)നം.29/2016/പൊ.ഭ.വ.
11. 25.10.2017 ലെ എസ്.ഡി.1/104/2016/പൊ.ഭ.വ.(പാർട്ട് - I) നമ്പർ വിജ്ഞാപനം.
12. 08.02.2019 ലെ സ.ഉ.(സാധാ.)നം.770/2019/പൊ.ഭ.വ.
13. 15.07.2019 ലെ സ.ഉ.(സാധാ.)നം.4180/2019/പൊ.ഭ.വ.
14. 26.07.2019 ലെ സ.ഉ.(സാധാ.)നം.4456/2019/പൊ.ഭ.വ.
15. 10.02.2020 ലെ സ.ഉ.(എം.എസ്.)നം.20/2020/പൊ.ഭ.വ.
16. 21.12.2020 ലെ സ.ഉ.(സാധാ.)നം.3923/2020/പൊ.ഭ.വ.

**ഉത്തരവ്**

മികച്ച കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്നതിനായി സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്നിവയിൽ ഓരോ വർഷവും പരമാവധി 20

നിയമനങ്ങൾ നടത്തുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അധികാര പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം 1957 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ) റെഗുലേഷൻസ് ഭേദഗതി ചെയ്യുകയുണ്ടായി. പരാമർശം 3 ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി സർക്കാർ അംഗീകരിക്കുകയും ഈ പദ്ധതിക്ക് കീഴിലുള്ള വിവിധ തസ്തികകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് രീതികൾ നിർദ്ദേശിക്കുകയുമുണ്ടായി. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം പബ്ലിക് സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരാകുന്ന ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ സംബന്ധിച്ച് പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം 5 ലെ ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകൾ 2009 വർഷം മുതൽ 50 ആയി വർദ്ധിപ്പിക്കുകയുണ്ടായി. സ്പോർട്സ് ക്വാട്ട നിയമന പദ്ധതിയുടെ നിയമന രീതികൾ പരിഷ്കരിച്ചു കൊണ്ട് പരാമർശം 6, 7, 8 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) 2010 മുതൽ 2014 വരെ കലണ്ടർ വർഷങ്ങളിലെ പ്രതിവർഷം 50 ഒഴിവുകൾ വീതം 250 ഒഴിവുകളിൽ, 2014 കലണ്ടർ വർഷത്തിലെ 50 ഒഴിവിൽ 1 കുറച്ച് ആകെ 249 ഒഴിവുകളിലേയ്ക്ക് വിവിധ തസ്തികകളിൽ നിയമനത്തിനായി അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ചുകൊണ്ട് പരാമർശം 9 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. സ്പോർട്സ് ക്വാട്ട നിയമനത്തിന് ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്നതിൽ നിന്നും മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളെ ഒഴിവാക്കിക്കൊണ്ട് പരാമർശം 10 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിലെ അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും മാനുവൽ ആയി അപേക്ഷ ക്ഷണിച്ചു കൊണ്ട് പരാമർശം 11 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

3) മികച്ച കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട മുഖേന സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനുള്ള സെലക്ഷൻ നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റി, 16.01.2019 ൽ യോഗം ചേരുകയും 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകളിലേയ്ക്ക് 409 പേരടങ്ങിയ സെലക്ട് ലിസ്റ്റ് അംഗീകരിക്കുകയും പരാമർശം 12 പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റ്, പരാമർശം 13, 14 എന്നിവ പ്രകാരം പരിഷ്കരിക്കുകയുണ്ടായി.

4) 2010-14 വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 5 ഉദ്യോഗാർത്ഥികളെ റെഗുലർ തസ്തികകളിലും 190 ഉദ്യോഗാർത്ഥികളെ താൽക്കാലികമായും നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം 15 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഓരോ ഉദ്യോഗാർത്ഥിയും സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത്, കായിക രംഗത്തെ പ്രവർത്തനത്തിന്റെ തൽസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കേണ്ടതും ആയത് വകുപ്പ് തലവൻ/നിയമനാധികാരി അടിയന്തരമായി ഈ വകുപ്പിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുകയുമുണ്ടായി.

13.10.2020 ൽ കൂടിയ സെലക്ഷൻ കമ്മിറ്റി യോഗം, 2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനായി 86 ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന സെലക്ട് ലിസ്റ്റിന് അംഗീകാരം നൽകുകയുണ്ടായി. ആയതിൻപ്രകാരം പരാമർശം 16 പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

5) പ്രസ്തുത സാഹചര്യത്തിൽ, 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് പരാമർശം 16 പ്രകാരം സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 24 കായികതാരങ്ങളെ അനുബന്ധത്തിൽ പറഞ്ഞിട്ടുള്ള തസ്തികകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഓരോ ഉദ്യോഗാർത്ഥിയും സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത്, കായികരംഗത്തെ അവരുടെ പ്രവർത്തനത്തിന്റെ തൽസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കേണ്ടതും, പരാമർശം 4 ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗാർത്ഥികൾ ആക്റ്റീവ് സ്പോർട്സിൽ ആണോ അല്ലയോ എന്നുള്ള വസ്തുത പരിശോധിച്ച്, ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിനോടൊപ്പം, പരാമർശം 4 ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗാർത്ഥി ആക്റ്റീവ് സ്പോർട്സിൽ തുടരുന്നില്ലെങ്കിൽ പ്രസ്തുത ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിക്കുന്നതിനായുള്ള ഒഴിവുകളുടെ ലഭ്യത സംബന്ധിച്ച വിവരവും, ഒഴിവുകൾ ലഭ്യമല്ലെങ്കിൽ അടുത്ത ഒഴിവ് ഉണ്ടാകുന്നതുവരെയുള്ള കാലയളവിൽ താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും, പരാമർശം 4 ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആക്റ്റീവ് സ്പോർട്സിൽ തുടരുന്ന ഉദ്യോഗാർത്ഥികൾക്കായി ആവശ്യമുള്ള എണ്ണം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. താൽക്കാലിക നിയമനത്തിന് അനുമതി നൽകിയിട്ടുള്ള 24 പേരുടെ ശമ്പളം തസ്തികകൾ സൃഷ്ടിച്ചതിനു ശേഷം മാത്രമേ പ്രോസസ് ചെയ്യാൻ പാടുള്ളൂ.

6) പ്രസ്തുത പദ്ധതി പ്രകാരമുള്ള നിയമനം പരാമർശം 6-ലെ അപ്പെൻഡിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

*(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9 (a) (i) of Part II of the*

*Kerala State and Subordinate Service Rules, 1958 and regularised later after their character and antecedents have been verified and found to be satisfactory."*

7) ഈ ഉത്തരവ് പ്രകാരമുള്ള നിയമനം 2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ/ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലവിലുള്ള കേസുകളിൻമേലുള്ള വിധി ന്യായങ്ങൾ/അന്തിമ ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായിരിക്കും.

8) ഓരോ ഉദ്യോഗാർത്ഥിക്കും വകുപ്പ് തലവൻ/നിയമനാധികാരി പ്രത്യേകം നിയമന ഉത്തരവുകൾ നൽകേണ്ടതാണ്. ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ/രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയ വിവരവും ജോലിയിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ അക്കാര്യവും പൊതുവിദ്യാഭ്യാസ ഡയറക്ടർ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9) 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകളിൽ പരാമർശം 15 ലെ ഉത്തരവ് പ്രകാരം റഗുലർ തസ്തികയിൽ അല്ലാതെ നിയമിക്കപ്പെട്ടവരുടെ നിയമനം ക്രമീകരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം 15 ലെ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ടവരിൽ, ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടരുന്ന 74 പേർക്കു വേണ്ടി അവർ നിയമിക്കപ്പെട്ട വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിൽ ജോയിൻ ചെയ്ത തീയതി പ്രാബല്യത്തിൽ താഴെ പറയും പ്രകാരം 74 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

| **വകുപ്പ്** | **തസ്തിക** | **സൂപ്പർന്യൂമററി തസ്തികകളുടെ എണ്ണം** |
|---|---|---|
| പൊതുവിദ്യാഭ്യാസ വകുപ്പ് | ക്ലാർക്ക് | 70 |
| കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | അസിസ്റ്റന്റ് | 3 |
| അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം | അസിസ്റ്റന്റ് | 1 |
| **ആകെ** | | **74** |

പരാമർശം 15 ലെ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ടവരിൽ, നിയമനം ലഭിച്ച തീയതിയിൽ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിക്കുകകയോ അല്ലെങ്കിൽ 35 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെ

നിയമിക്കുന്നതിനായി റഗുലർ ഒഴിവില്ലാത്ത സ്ഥലങ്ങളിൽ, ആവശ്യമുള്ള എണ്ണം താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുന്നു. തൊട്ടടുത്ത റഗുലർ വേക്കൻസി ഉണ്ടാകുന്നതുവരെ താൽക്കാലിക തസ്തിക തുടരുന്നതാണ്. റഗുലർ വേക്കൻസി ഉണ്ടാകുമ്പോൾ താൽക്കാലിക തസ്തിക അബോളിഷ് ചെയ്യപ്പെടുന്നതാണ്. താൽക്കാലിക തസ്തികകൾ നിലവിലെ കേഡർ സ്ട്രെങ്ത്തിന് അധികമായി നിലനിൽക്കുന്നതാണ്.

10)തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചത് എന്ന് കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം നിയമനം നൽകിയ ഉത്തരവ് പിൻവലിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ. ആർ. ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

To

ബന്ധപ്പെട്ട വ്യക്തികൾക്ക് (By Regd. Post with A/D).
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ കേരളം, കേരള അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം, കൊച്ചി – 682031 (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ധനകാര്യ (ഭരണം – എ) വകുപ്പ്.
പൊതുഭരണ (സർവീസസ്-എ) വകുപ്പ്.
ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം.
കമ്മീഷണർ, കമ്മീഷണറുടെ കാര്യാലയം, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്, ടാക്സ് ടവർ, കരമന, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (അനുബന്ധത്തിലെ 24 ഉദ്യോഗാർത്ഥികളുടെ ഐഡന്റിഫിക്കേഷൻ ഫോം സഹിതം).
ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide U.O. No. E.1326985: EXP-A2/461/2019-FIN dated 15.12.2021)
പൊതുഭരണ (എസ്.സി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Nawas

സെക്ഷൻ ഓഫീസർ

# അനുബന്ധം

| LIST OF CANDIDATES APPOINTED FOR THE YEAR 2011 | | | | |
|---|---|---|---|---|
| SL. NO. | NAME & ADDRESS | POST & SCALE OF PAY | DEPARTMENT | REGULAR/PROVISIONAL |
| 1 | NEETHUMOL G. S.<br>KITTU BHAVAN<br>KAMBANICHIRA<br>N T WARD<br>AVALOOKKUNNU P. O.,<br>ALAPPUZHA<br>PIN 688006 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 2 | NEETHU HARIDAS<br>PANIKKASSERY HOUSE<br>KIZHAKKUMPURAM<br>CHENDAMANGALAM P. O.<br>NORTH PARAVUR<br>ERNAKULAM<br>PIN 683512 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 3 | TINU THANKACHAN<br>KIZHAKKINEDATH HOUSE<br>MONODY<br>VELLIKULANGARA P. O,<br>THRISSUR<br>PIN 680699 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 4 | ANMARY JOSE<br>MYLETTU HOUSE<br>KORUTHODU P. O.<br>KORUTHODU<br>KOTTAYAM<br>PIN 686513 | HIGH SCHOOL ASSISTANT<br>(41300 – 87000/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 5 | KARTHIKA MOHANAN<br>OZHANKAL HOUSE<br>JOSEGIRI P. O., KOCHUPPU,<br>IDUKKI<br>PIN 685565 | HIGH SCHOOL ASSISTANT<br>(41300 – 87000/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 6 | JINTU JOSE<br>MADATHANIYIL HOUSE ANAMANJAL<br>PUNNAKKUNNU P. O.<br>PARAPPA (VIA)<br>KASARAGOD<br>PIN 671533 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 7 | JITHIN VISWAN R. V.<br>ROHINI, ANNAL ,<br>PIRAPPANCODE P. O.<br>THIRUVANANTHAPURAM<br>PIN 695607 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 8 | RAJESH R.<br>RAJ BHAVAN<br>POOVATHOOR, NEDUMANGADU<br>THIRUVANANTHAPURAM<br>PIN 695561 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |

LIST OF CANDIDATES APPOINTED FOR THE YEAR 2012

| | | | | |
|---|---|---|---|---|
| 9 | NEETHU V. THOMAS<br>VENKITTACKAL HOUSE<br>KAKKAD P. O. , PAYONA<br>PUDUPPADY, KOZHIKODE<br>PIN 673586 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 10 | VARGHESE V. A.<br>VEMBIL<br>VAZHAVATTA P. O.<br>WAYANAD<br>PIN 673122 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 11 | SANDRA K. B.<br>KALAPURAKKAL HOUSE<br>MUNDOOR P. O.<br>KODANCHERY<br>KOZHIKODE<br>PIN 673580 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 12 | SHYNI C. K.<br>CHERUKUNNUMMAL<br>THINOOR, KAKKATTIL,<br>KOZHIKODE<br>PIN 673507 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 13 | SALINI THOMAS<br>PERUMBRAYIL, ERATTAYAR<br>THULASSIPPARA<br>IDUKKI , KERALA<br>PIN 685514 | HIGH SCHOOL ASSISTANT<br>(41300 – 87000/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 14 | AJITH K. R.<br>KUNDOLY HOUSE<br>PAMBOOR<br>KUTTUR, THRISSUR<br>PIN 680013 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 15 | SREERAJ M. S.<br>SREE VILASAM,<br>VENKAVILA,<br>PAZHAKUTTY P. O.<br>NEDUMANGAD<br>THIRUVANANTHAPURAM<br>PIN 695561 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 16 | VRINDA S. KUMAR<br>THANAL KAVEETTIL<br>VADANAMKURUSSI P. O.<br>PALAKKAD<br>PIN 679121 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 17 | NANDAGOPAN V.<br>ARADHANA<br>PALAMKONAM<br>PALAMKONAM P. O.<br>VENJARAMOODU<br>PIN 695607 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 18 | FARISHA P.<br>PARAPPURATH HOUSE<br>THEKKAN KUTTOOR<br>THALAKKAD<br>TIRUR<br>MALAPPURAM<br>PIN 676551 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |

| | | | | |
|---|---|---|---|---|
| 19 | SARAN S.<br>KARINJAMKONAM VILAYIL VEEDU<br>PLAKKEEZHU,<br>PIRAPPANCODE P. O.<br>THIRUVANANTHAPURAM<br>PIN 695607 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| | <u>LIST OF CANDIDATES APPOINTED FOR THE YEAR 2013</u> | | | |
| 20 | SHAMEER E.<br>SALIM MANZIL<br>DAIVAPPURA P.O<br>PERINGAMALA<br>THIRUVANANTHAPURAM<br>PIN 695563 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| | <u>LIST OF CANDIDATES APPOINTED FOR THE YEAR 2014</u> | | | |
| 21 | IJAS ALI K.<br>KUNNAN HOUSE<br>THOTTINAKKARA<br>AREACODE POST<br>MALAPPURAM<br>PIN 673639 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 22 | RAJESH SEKHAR E.<br>ERAMANGALATH HOUSE<br>PANANGAD P. O<br>THRISSUR<br>PIN 680665 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 23 | ANIL KUMAR V.<br>THODUKADE<br>THONIPPADAM<br>VAVULLYAPURAM<br>PALAKKAD<br>PIN 678543 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |
| 24 | SUJITH E. S.<br>ERAKULAM HOUSE<br>KAVASSERY POST<br>ALATHUR TALUK<br>PALAKKAD 678543 | CLERK<br>(26500 – 60700/-) | GENERAL EDUCATION DEPARTMENT | PROVISIONAL |

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-04-2022

ഫയൽ നം. എസ്.ഡി.1/104/2016-പൊ.ഭ.വ.(പാർട്ട്-2). ഇനം നം: 676

വിഷയം : പൊതുഭരണ വകുപ്പ് - മികച്ച പുരുഷ/വനിത കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം, 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിൽ 24 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനും, 10/02/2020-ലെ സ.ഉ.(കൈ) നം.20/2020/പൊ.ഭ.വ. പ്രകാരം താൽക്കാലിക നിയമനം നൽകിയവർക്ക് സൂപ്പർന്യൂമററി തസ്തികകളും താൽക്കാലിക തസ്തികകളും സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ് ഡി.1/104/2016-പൊ.ഭ.വ-പാർട്ട്(2) |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | മികച്ച പുരുഷ/വനിത കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം, 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിൽ 24 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനും, 10/02/2020 ലെ സ.ഉ.(കൈ)നം.20/2020/പൊ.ഭ.വ. പ്രകാരം താൽക്കാലിക നിയമനം നൽകിയവർക്ക് സൂപ്പർന്യൂമററി തസ്തികകളും താൽക്കാലിക തസ്തികകളും സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.01.2022 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ബി.ആർ.യമുന |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.03.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.03.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 13.04.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.04.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മികച്ച പുരുഷ/വനിത കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം, 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിൽ 24 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനും, 10/02/2020 ലെ സ.ഉ.(കൈ)നം.20/2020/പൊ.ഭ.വ. പ്രകാരം താൽക്കാലിക നിയമനം നൽകിയവരിൽ, ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടരുന്നവർക്കായി 74 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം ലഭിച്ച തീയതിയിൽ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിക്കുകയോ 35 വയസ്സ് പൂർത്തിയാവുകയോ ചെയ്യുവരെ നിയമിക്കുന്നതിന് റെഗുലർ ഒഴിവില്ലാത്ത സ്ഥലങ്ങളിൽ ആവശ്യമുള്ള എണ്ണം താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം സംബന്ധിച്ചതാണ് കുറിപ്പിലെ വിഷയം.

2) 04.05.1985 ലെ G.O(MS)No.161/85/GAD പ്രകാരം, മികച്ച കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്നതിനായി സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ്ഗ്രേഡ് സർവ്വീസ് എന്നിവയിൽ ഓരോ വർഷവും പരമാവധി 20 നിയമനങ്ങൾ നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 13.06.1985 ലെ G.O(P)No. 216/85/GAD പ്രകാരം പ്രസ്തുത നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അധികാര പരിധിയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. 22.08.1985 ലെ G.O(P)No. 361/85/GAD പ്രകാരം പ്രസ്തുത പദ്ധതി സർക്കാർ അംഗീകരിക്കുകയും ഈ പദ്ധതിയ്ക്ക് കീഴിലുള്ള വിവിധ തസ്തികകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് രീതികൾ നിർദ്ദേശിക്കുകയുമുണ്ടായി. 17.07.2009 ലെ G.O(P)No. 170/09/GAD പ്രകാരം സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകൾ 2009 വർഷം മുതൽ 50 ആയി വർദ്ധിപ്പിക്കുകയുണ്ടായി. മികച്ച പുരുഷ/വനിത താരങ്ങളെ പബ്ലിക് സർവ്വീസിൽ നിയമിക്കുന്നതിനായി 22.08.1985 ലെ G.O(P)No. 361/85/GAD പ്രകാരമുള്ള പദ്ധതിയുടെ നിയമന രീതികൾ പരിഷ്കരിച്ചു കൊണ്ട് 23.07.2014 ലെ G.O(P)No. 206/2014/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചാണ് സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നത്. അപ്രകാരം 07.12.2015 ലെ 14652/എസ്.ഡി.1/2012/പൊ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം 2010 മുതൽ 2014 വരെ കലണ്ടർ വർഷങ്ങളിലെ പ്രതിവർഷം 50 ഒഴിവുകളിൽ 2014 കലണ്ടർ വർഷത്തിലെ 50 ഒഴിവിൽ ഒരു ഒഴിവ് കുറച്ച് ആകെ 249 ഒഴിവുകളിലേയ്ക്ക് വിവിധ തസ്തികകളിൽ നിയമനത്തിനായി അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിക്കുകയുണ്ടായി. എന്നാൽ സാങ്കേതിക കാരണങ്ങളാൽ മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിലെ

ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല ആയതിനാൽ മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിലെ അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും 25.10.2017 ലെ എസ്.ഡി.1/104/2016/പൊ.ഭ.വ (പാർട്ട് - 1) നമ്പർ വിജ്ഞാപന പ്രകാരം മാനുവൽ ആയി അപേക്ഷ ക്ഷണിക്കുകയുണ്ടായി.

3) 07.12.2015 ലെ 14652/എസ്.ഡി.1/2012/പൊ.ഭ.വ നമ്പർ വിജ്ഞാപന പ്രകാരം, സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ്ഗ്രേഡ് സർവ്വീസ് എന്നിവയിൽ മികച്ച കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനായുള്ള തസ്തികകൾ താഴെ പറയുന്നവയാണ്.

1. അസിസ്റ്റന്റ് എഞ്ചിനീയർ ( പൊതുമരാമത്ത് വകുപ്പ്)
2. അസിസ്റ്റന്റ് സർജൻ ( ആരോഗ്യ വകുപ്പ്)
3. കൊമേഴ്സ്യൽ ടാക്സ് ഓഫീസർ ( വാണിജ്യ നികുതി വകുപ്പ്)
4. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I ( പൊതുമരാമത്ത് വകുപ്പ്)
5. അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്/പബ്ലിക് സർവ്വീസ് കമ്മീഷൻ/അഡ്വക്കേറ്റ് ജനറൽ ഓഫീസ്)
6. ലോവർ ഡിവിഷൻ ക്ലർക്ക് (വിവിധ വകുപ്പുകൾ)
7. ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (വിവിധ വകുപ്പുകൾ)
8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- II/സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്- II (വിവിധ വകുപ്പുകൾ)
9. ഹൈസ്കൂൾ അസിസ്റ്റന്റ് (പൊതുവിദ്യാഭ്യാസ വകുപ്പ്)
10. അപ്പർ പ്രൈമറി/ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് (പൊതുവിദ്യാഭ്യാസ വകുപ്പ്)
11. പ്യൂൺ (വിവിധ വകുപ്പുകൾ)
12. ചൗക്കീദാർ (വിവിധ വകുപ്പുകൾ)
13. ലിഫ്റ്റ് ഓപ്പറേറ്റർ (വിവിധ വകുപ്പുകൾ)
14. ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ (വിവിധ വകുപ്പുകൾ)

4) മേൽ പരാമർശിച്ച വിജ്ഞാപനപ്രകാരം പ്രതിവർഷമുള്ള 50 ഒഴിവുകളിൽ 25 ഒഴിവുകൾ വ്യക്തിഗത ഇനങ്ങൾക്കായും ശേഷിക്കുന്ന 25 ഒഴിവുകൾ ടീം ഇനങ്ങൾക്കായും നീക്കി വച്ചിരിക്കുന്നു. ഓരോ കായിക താരത്തിന്റെയും മികവിന്റെ അടിസ്ഥാനത്തിൽ 25 കായിക താരങ്ങളെ വീതം വ്യക്തിഗത ഇനത്തിൽ നിന്നും ടീം ഇനത്തിൽ നിന്നും നിയമനത്തിനായി തെരഞ്ഞെടുക്കുന്നതാണ്. ഓരോ വർഷവും അലോട്ട്മെന്റ് ആരംഭിക്കുന്നത് വ്യക്തിഗത ഇനത്തിൽ നിന്നുമായിരിക്കും. ഓരോ വർഷത്തെയും ഒഴിവുകളിൽ നിന്നും രണ്ട് ഒഴിവ് വീതം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവ് വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ

ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കി വയ്ക്കുന്നതാണ്. വിജ്ഞാപനത്തിലെ അനുബന്ധം - 1 സ്പോർട്സ് ക്വാട്ട പ്രകാരം സർക്കാർ സർവ്വീസിൽ നിയമനത്തിനായി കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം കാണിച്ചിരിക്കുന്നു.

5) സ്പോർട്സ് ക്വാട്ട നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിക്കുകയും യോഗ്യരായ അപേക്ഷകരുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുകയുമുണ്ടായി. ഓരോ കായിക താരത്തിന്റെയും കായിക രംഗത്തുള്ള നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് കരട് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയത്. ഓരോ കായിക താരവും പങ്കെടുത്ത വിവിധ മത്സരങ്ങളിൽ ലഭിച്ച ഏറ്റവും ഉയർന്ന പോയിന്റ് പരിഗണിച്ചാണ് മുൻഗണന നിശ്ചയിച്ചിട്ടുള്ളത്. മികച്ച കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട മുഖേന നിയമനം നൽകുന്നതിനുള്ള സെലക്ഷൻ നടത്തുന്നതിനായി പൊതുഭരണ വകുപ്പ് സെക്രട്ടറി ചെയർമാനായും, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടർ, സെക്രട്ടറി (സ്പോർട്സ്), കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി എന്നിവർ അംഗങ്ങളുമായ സെലക്ഷൻ കമ്മിറ്റി 16.01.2019 ൽ ചേരുകയും, 409 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് അംഗീകരിക്കുകയുമുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റ് 08.02.2019 ലെ സ.ഉ.(സാധാ)നം.770/2019/ജി.എ.ഡി. നമ്പർ പ്രകാരം അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്യുകയുണ്ടായി.

6) പ്രസ്തുത സെലക്ട് ലിസ്റ്റിനെതിരെ ലഭിച്ച ആക്ഷേപങ്ങൾ, സ്പോർട്സ് ക്വാട്ട നിയമനത്തിനായി ഉദ്യോഗാർത്ഥികൾ സമർപ്പിച്ച അപേക്ഷ സഹിതം പരിശോധിക്കുകയുണ്ടായി. സെലക്ഷൻ കമ്മിറ്റി 06.06.2019 ൽ യോഗം ചേരുകയും സെലക്ട് ലിസ്റ്റിനെതിരെ ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിലും സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള അപേക്ഷകളുടെ പുനപരിശോധനയുടെ അടിസ്ഥാനത്തിലും സെലക്ട് ലിസ്റ്റ് പുതുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അപ്രകാരം പുതുക്കിയ സെലക്ട് ലിസ്റ്റ് അസാധാരണ ഗസറ്റ് വിജ്ഞാപനമായി 15.07.2019 ലെ സ.ഉ.(സാധാ)നം. 4180/19/ജി.എ.ഡി. പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന് ശേഷം, ശ്രീമതി. ആര്യ വി. എൻ. (3-ാം റാങ്ക്, 2012 വ്യക്തിഗത മെയിൻ ലിസ്റ്റ്) ടീം ഇനത്തിൽ ഉൾപ്പെട്ട സോഫ്റ്റ്ബോൾ ഇനത്തിൽ നിന്നുള്ളതായതിനാൽ, ടിയാളെ ഒഴിവാക്കിക്കൊണ്ട് 2012 വർഷത്തെ വ്യക്തിഗത ഇനം മെയിൻ സെലക്ട് ലിസ്റ്റ് 26.07.2019 ലെ സ.ഉ.(സാധാ)നം.4456/19/ജി.എ.ഡി. പ്രകാരം പുതുക്കുകയുണ്ടായി.

7) 15.07.2019 ലെ G.O(Rt)No.4180/2019/GAD പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 195 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. നിയമനം ലഭിച്ച തീയതിയിൽ active sports ൽ നിന്നും വിരമിക്കുകയോ അല്ലെങ്കിൽ 35 വയസ്സ് കഴിയുകയോ ചെയ്തിട്ടില്ലാത്തവരെ ബന്ധപ്പെട്ട വകുപ്പുകളിലെ തസ്തികകളിൽ തസ്തിക സൃഷ്ടിക്കാതെ താൽക്കാലികമായി നിയമിക്കുവാൻ പ്രസ്തുത വകുപ്പ് 16/12/2019 ൽ അഭിപ്രായപ്പെടുകയുണ്ടായി. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന സമയത്തുള്ള കായികരംഗത്തെ പ്രവർത്തനം സംബന്ധിച്ച സ്ഥിതി വിവരം ഓരോ ഉദ്യോഗാർത്ഥികളും സമർപ്പിക്കേണ്ടതാണെന്ന ഒരു വ്യവസ്ഥ നിയമന ഉത്തരവിൽ ഭരണ വകുപ്പ് ഉൾപ്പെടുത്തുവാനും 20.05.2006 ലെ G.O.(Ms)No.127/2006/GAD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, ഉദ്യോഗാർത്ഥികൾ ആക്ടീവ് സ്പോർട്സിൽ ആണോ അല്ലയോ എന്നുള്ള വസ്തുത, ഓരോ ഉദ്യോഗാർത്ഥിയും ബന്ധപ്പെട്ട വകുപ്പുകളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു മാസത്തിനകം പരിശോധിക്കുവാനും പ്രസ്തുത വകുപ്പ് 16.12.2019 ൽ നിർദ്ദേശിക്കുകയുണ്ടായി. ആക്ടീവ് സ്പോർട്സിൽ അല്ലാത്തവരുടെ കാര്യത്തിൽ, ഒഴിവുകളുടെ ലഭ്യത പരിഗണിക്കാതെ അവരെ റഗുലർ തസ്തികകളിൽ നിയമിക്കാവുന്നതാണെന്നും അവരെ ഉൾക്കൊള്ളിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ, താൽക്കാലിക നിയമനം നൽകിയശേഷം അടുത്ത ഒഴിവ് ഉണ്ടാകുന്നത് വരെയുള്ള കാലയളവിലേയ്ക്ക് ആവശ്യമായ എണ്ണം താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുവാനും, ആക്ടീവ് സ്പോർട്സിൽ തുടരുന്നവരുടെ കാര്യത്തിൽ, അവർക്ക് താൽക്കാലികമായി നിയമനം നൽകിയ ശേഷം അവർക്കുവേണ്ടി ആവശ്യമായ എണ്ണം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാനും ധനകാര്യ വകുപ്പ് 16.12.2019 ൽ അഭിപ്രായപ്പെടുകയുണ്ടായി.

8) 10.02.2020 ലെ സ.ഉ(എം.എസ്)നം.20/2020/ജി.എ.ഡി. പ്രകാരം സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 190 കായിക താരങ്ങളെ താൽക്കാലികമായും 5 കായിക താരങ്ങൾക്ക് റെഗുലർ തസ്തികയിലും നിയമനം നൽകുന്നതിന് അനുമതി നൽകുകയുണ്ടായി. വിവിധ തസ്തികകളിലെ നിയമനങ്ങളുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| Sl. No. | Name of Post | Department / Office | Total | Number of regular posts | Number of provisional posts |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Assistant | KPSC(5)/Advocate General's Office (5)/GAD(10)/Finance (4) | 24 | 0 | 24 |
| 2 | Commercial Tax Officer | Commercial Taxes Department ( SGST) | 3 | 0 | 3 |
| 3 | Assistant Engineer (Mech.) | Water Resources Department (former PWD) | 1 | 0 | 1 |
| 4 | LD Clerk | General Education | 165 | 3 | 162 |
| 5 | Peon/Office Attendant | General Education | 2 | 2 | 0 |
| **Total** | | | **195** | **5** | **190** |

9) 2010 - 14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 10.02.2020 ലെ സ.ഉ.(എം.എസ്) നം. 20/2020/ജി.എ.ഡി. പ്രകാരം 195 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ നിയമനത്തിന്റെ വർഷം തിരിച്ചുള്ള ലിസ്റ്റ് ചുവടെ കാണാവുന്നതാണ്.

| Year | No. of appointments (out of 50 vacancies per year. For the year 2014, out of 49 vacancies) | No. of vacant posts | |
|---|---|---|---|
| | | General | PH |
| 2010 | 44 | 6 | Nil |
| 2011 | 35 | 13 | 2 |
| 2012 | 26 | 24 | Nil |
| 2013 | 47 | 1 | 2 |
| 2014 | 43 | 4 | 2 |
| **Total** | **195** | **48** | **6** |

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്ന് വർഷം പൂർത്തിയായിട്ടുള്ളതും

എന്നാൽ ഒളിംപിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായി 2010-14 വർഷത്തിൽ നീക്കി വച്ചിട്ടുള്ള ആകെയുള്ള 5 ഒഴിവുകളിലും (പ്രതിവർഷം ഒരു ഒഴിവ് വീതം) നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ റിസർവ്വ് ലിസ്റ്റിൽ 9 ഉദ്യോഗാർത്ഥികൾ ശേഷിക്കുന്നുണ്ട്. 2010 - 14 വർഷങ്ങളിലെ വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി നീക്കി വച്ചിട്ടുള്ള 10 ഒഴിവുകളിൽ 2011, 2013, 2014 വർഷങ്ങളിലെ അർഹരായ കായിക താരങ്ങളുടെ അഭാവത്തിൽ 6 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. വിഭിന്നശേഷിക്കാരുടെ വിഭാഗത്തിൽ 2010 വർഷത്തെ റിസർവ്വ് ലിസ്റ്റിൽ രണ്ട് ഉദ്യോഗാർത്ഥികൾ ശേഷിക്കുന്നുണ്ട്. സെലക്ഷൻ കമ്മിറ്റി 13.10.2020 ൽ വീഡിയോ കോൺഫറൻസ് മുഖേന യോഗം ചേരുകയും ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനത്തിനായി 86 പേരടങ്ങുന്ന ഒരു സെലക്ട് ലിസ്റ്റിന് അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റ് 21.12.2020 ലെ സ.ഉ.(സാ.ധാ)നം. 3923/2020/ജി.എ.ഡി. പ്രകാരം അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

10) 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് 10.02.2020 ലെ സ.ഉ.(എം.എസ്)നം.20/2020/ജി.എ.ഡി. പ്രകാരം നിയമനം നൽകിയിട്ടുള്ളതാണ്. 2010-14 വർഷങ്ങളിലെ ജനറൽ വിഭാഗത്തിൽ 48 തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്. 2010 വർഷത്തെ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകിയിട്ടുണ്ട്. 2011 വർഷത്തെ 13 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. എന്നാൽ 8 ഉദ്യോഗാർത്ഥികൾ മാത്രമേ നിയമനത്തിനായി ശേഷിക്കുന്നുള്ളു. 2012 വർഷത്തെ 24 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. 11 ഉദ്യോഗാർത്ഥികൾ മാത്രമേ നിയമനത്തിനായി ശേഷിക്കുന്നുള്ളു. 2013 വർഷത്തെ 1 തസ്തികയും 2014 വർഷത്തെ 4 തസ്തികകളും ഒഴിഞ്ഞു കിടക്കുകയും പ്രസ്തുത വർഷങ്ങളിൽ മതിയായ എണ്ണം ഉദ്യോഗാർത്ഥികൾ ലഭ്യവുമാണ്. അപ്രകാരം ഓരോ വർഷത്തേയും ഉദ്യോഗാർത്ഥികളുടെയും ഒഴിവുകളുടെയും ലഭ്യതയുടെയും, ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ 21.12.2020 ലെ സ.ഉ.(സാധാ)നം.3923/2020/ജി.എ.ഡി. പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 24 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. ആയത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ചുവടെ കാണിച്ചിരിക്കുന്നു.

| Year | No. of vacancies (General) | No. of appointments proposed | Name of Post | Remarks |
|---|---|---|---|---|
| 2010 | 6 | Nil | Nil | No candidates are available in |

| | | | | |
|---|---|---|---|---|
| | | | | the Select List for the year |
| 2011 | 13 | 8 (General) | HSA- 2, LDC- 6 | Sufficient number of candidates are not available in the Select List for the year 2011, for considering to the remaining vacancies. |
| 2012 | 24 | 11 (General) | HSA- 1, LDC- 10 | Sufficient number of candidates are not available in the Select List for the year 2012, for considering to the remaining vacancies. |
| 2013 | 1 | 1 (General) | LDC -1 | - |
| 2014 | 4 | 4 (General) | LDC-4 | - |
| **Total** | **48** | **24** | | |

11) 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള ഒഴിവുകളിൽ, പ്രതിവർഷം രണ്ട് ഒഴിവ് വീതം വിഭിന്നശേഷിയുള്ള കായിക താരങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. വിഭിന്നശേഷിക്കാരായ കായിക താരങ്ങളുടെ 10 ഒഴിവുകളിൽ (ഓരോ വർഷത്തേക്കും 2 ഒഴിവുകൾ വീതം) 4 പേർക്ക് 10.02.2020 ലെ സ.ഉ.(എം.എസ്)നം.20/2020/ജി.എ.ഡി. പ്രകാരം നിയമനം നൽകിയിട്ടുള്ളതാണ്. 2010, 2012 വർഷങ്ങളിലെ സെലക്ട് ലിസ്റ്റ് പ്രകാരം നിയമനം ലഭിച്ച വിഭിന്നശേഷിയുള്ള കായിക താരങ്ങൾ തന്നെയാണ് 2011, 2013, 2014 വർഷങ്ങളിലെ സെലക്ട് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത അഞ്ച് വർഷങ്ങളിലെയും സെലക്ട് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങൾ നിയമനത്തിനായി ശേഷിക്കുന്നില്ല. വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായുള്ള 2010 ടീം റിസർവ് ലിസ്റ്റിൽ രണ്ട് ഉദ്യോഗാർത്ഥികൾ അവശേഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത വർഷത്തെ ഒഴിവുകളിൽ ഇതിനകം നിയമനം നൽകി കഴിഞ്ഞിട്ടുള്ളതാണ്. വിഭിന്നശേഷിയുള്ള കായിക താരങ്ങളുടെ നിയമനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| Year | No. of appointments made | No. of vacancies remaining |
|---|---|---|
| 2010 | 2 | Nil |
| 2011 | 0 | 2 |
| 2012 | 2 | Nil |
| 2013 | 0 | 2 |
| 2014 | 0 | 2 |
| **Total** | **4** | **6** |

12) പ്രഗത്ഭ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 24 കായിക താരങ്ങൾക്ക് (എച്ച്.എസ്.എ–3, എൽ.ഡി.ക്ലർക്ക് –21) നിയമനം നൽകുന്നതിനുള്ള ശിപാർശയിൻമേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. കൂടാതെ 10.02.2020 ലെ സ.ഉ.(സാധാ)നം.20/2020/ജി.എ.ഡി. പ്രകാരം നിയമനം ലഭിക്കുകയും ആക്ടീവ് സ്പോർട്സിൽ തുടരുകയും ചെയ്യുന്ന കായിക താരങ്ങളെ ഉൾക്കൊള്ളിക്കുന്നതിനായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനുള്ള ചുവടെ ചേർക്കുന്ന ശിപാർശയിന്മേലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

| Department | Post | No. of Supernumerary posts to be created. |
|---|---|---|
| General Education | L.D. Clerk | 71 |
| General Education | Office Attendant | 1 |
| Kerala Public Service Commission | Assistant | 3 |
| O/o the Advocate General | Assistant | 1 |
| Water Resources Department | Assistant Engineer | 1 |

| Total | 77 |
|---|---|

ധനകാര്യ വകുപ്പ് 15.12.2021 ൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി.

'Appointment of outstanding sports persons in Government service' എന്ന സ്കീമിൽ 2010-14 വർഷത്തെ നിയമനം ചുവടെ ചേർക്കും പ്രകാരം നടത്താവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു .

'Appointment of outstanding sports persons in Government service' എന്ന സ്കീമിൽ 2010-2014 വർഷത്തെ ബാലൻസ് ക്വാട്ടയിൽ അവശേഷിക്കുന്ന തസ്തികകളിലേക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ 21 ക്ലാർക്കുമാരെയും 3 ഹൈസ്കൂൾ അധ്യാപകരെയും നിയമിക്കുന്നതിന് അനുമതി നൽകുന്നു . ഈ നിയമനങ്ങൾ 16/12/2019- ൽ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായകുറിപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണ്. 2010 - 14 കാലയളവിലെ ക്വാട്ടയിൽ ഇതിനകം നടത്തിയിട്ടുള്ളതോ ഇനി നടത്താൻ പോകുന്നതോ ആയ താൽക്കാലിക / പ്രൊവിഷണൽ നിയമനങ്ങളുടെ കാര്യത്തിൽ, പ്രസ്തുത ജീവനക്കാരുടെ ശമ്പളം, തസ്തികകൾ സൃഷ്ടിച്ചതിന് ശേഷം മാത്രമേ പ്രോസസ് ചെയ്യാൻ പാടുള്ളു എന്നും അംഗീകൃത തസ്തികയ്ക്ക് അനുസൃതമായല്ലാതെ നിയമിക്കപ്പെട്ട ആളുകളുടെ ശമ്പളം തസ്തിക സൃഷ്ടിക്കാതെ നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമപ്രകാരമല്ല എന്നും അറിയിക്കുന്നു. ഇക്കാര്യം ഭാവിയിലെ നിയമനത്തിൽ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ് എന്ന് അറിയിക്കുന്നു. ഈ വ്യവസ്ഥ വ്യക്തമാക്കി ആയിരിക്കണം നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടത്. നേരത്തെ നിയമനം ലഭിച്ച 113 പേരുടെ റഗുലറൈസേഷന്റെ സ്റ്റാറ്റസ് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കേണ്ടതാണ് എന്നും അറിയിക്കുന്നു .

2020 ൽ റഗുലർ തസ്തികയിൽ അല്ലാതെ നിയമിക്കപ്പെട്ടവരുടെ നിയമനം ചുവടെ പറയും പ്രകാരം ക്രമീകരിക്കണമെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു .

2020 ൽ നിയമിക്കപ്പെട്ടവരിൽ ആക്റ്റീവ് സ്പോർട്സിൽ തുടരുന്ന 77 ആളുകൾക്ക് വേണ്ടി അവർ നിയമിക്കപ്പെട്ട വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിൽ ജോയിൻ ചെയ്ത തീയതി പ്രാബല്യത്തിൽ supernumerary തസ്തികകൾ സൃഷ്ടിക്കാവുന്നതാണ്. അതിനായി 77 supernumerary തസ്തികകൾ സൃഷ്ടിക്കുന്നതിനു അനുമതി നൽകുന്നു .

Supernumerary തസ്തികയിൽ നിയമിക്കപ്പെടുമ്പോൾ അവർ റഗുലർ സർവ്വീസിൽ പ്രവേശിക്കപ്പെടുന്നില്ല, അവർ active sports ൽ നിന്നും വിരമിക്കുന്ന തീയതിയോ അല്ലെങ്കിൽ 35 വയസ്സ് തികയുന്ന തീയതിയോ ഏതാണോ ആദ്യം ആ തീയതിയിൽ regularise ചെയ്യപ്പെടും

അതോടെ supernumerary തസ്തിക ഇല്ലാതാകുകയും ടിയാൾ റഗുലർ തസ്തികയിൽ നിയമിക്കപ്പെടുകയും ചെയ്യും. പ്രസ്തുത തീയതിയിൽ അങ്ങനെയുള്ള ആളിനെ നിലവിലുള്ള ഒഴിവിൽ നിയമിക്കണം. ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിച്ചവരെ നിയമിക്കുന്നതിനായി റഗുലർ തസ്തിക ഇല്ലെങ്കിൽ മാത്രം താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചാൽ മതിയാകും . തൊട്ടടുത്ത Regular Vacancy ഉണ്ടാകുന്നത് വരെ താൽക്കാലിക തസ്തിക തുടരും. Regular Vacancy ഉണ്ടാകുമ്പോൾ താൽക്കാലിക തസ്തിക abolish ചെയ്യപ്പെടും. താൽക്കാലിക തസ്തികകൾ നിലവിലെ cadre strangth നു അധികമായി നിലനിൽക്കും. ഇത്തരം താൽക്കാലിക തസ്തികകൾ cadre strength ന്റെ ഭാഗമായിരിക്കുകയില്ല . Regular തസ്തികയിൽ (in regular vacancy or in the temporary post created for the purpose) നിയമിക്കപ്പെടുന്ന തീയതി മുതൽ സർവ്വീസ് സീനിയോറിറ്റി ലഭിക്കും. നിലവിൽ പിൻതുടർന്ന് വരുന്ന രീതി പ്രകാരം Sports activity അവസാനിപ്പിച്ചാലും റഗുലർ തസ്തികയിൽ ഒഴിവുണ്ടാകുന്നത് വരെ supernumerary തസ്തികയിൽ തുടരണം. എന്നാൽ സർക്കാർ അംഗീകരിച്ചിട്ടുള്ള സ്കീം പ്രകാരം പ്രതിവർഷം 50 തസ്തികകൾ കായിക താരങ്ങളെ നിയമിക്കുന്നതിനു വേണ്ടി നീക്കി വച്ചിട്ടുണ്ട്. അങ്ങനെയുള്ള തസ്തികകളിൽ ആണ് കായിക താരങ്ങളെ നിയമിച്ചിട്ടുള്ളത് എന്നതിനാൽ അതിനായി നീക്കി വയ്ക്കേണ്ടത് റഗുലർ തസ്തികകൾ ആണ്. ആയതിനാൽ Sports activity അവസാനിപ്പിക്കുന്നവരെ വീണ്ടും supernumerary തസ്തികയിൽ തുടരാൻ നിർബന്ധിക്കുന്നത് ശരിയായ നടപടിയല്ല .

നിയമനം ലഭിച്ച തീയതിയിൽ active sports ൽ നിന്നും വിരമിക്കുകയോ അല്ലെങ്കിൽ 35 വയസ്സ് തികയുകയോ ചെയ്തവരെ നിലവിലുള്ള ഒഴിവിൽ ആണ് നിയമിക്കേണ്ടത്. നിലവിൽ ഒഴിവില്ല എങ്കിൽ മേൽപ്പറഞ്ഞ പ്രകാരം ഇവർക്ക് വേണ്ടിയും താൽക്കാലിക തസ്തിക സൃഷ്ടിക്കണം. അതിനായി റഗുലർ ഒഴിവ് ഇല്ലാത്ത സ്ഥലങ്ങളിൽ ആവശ്യമുള്ള എണ്ണം താൽക്കാലിക തസ്തിക സൃഷ്ടിക്കാനും അനുമതി നൽകുന്നു. Regular vacancy ഉണ്ടാകുന്നതുവരെ താൽക്കാലിക തസ്തിക തുടരും. Regular vacancy ഉണ്ടാകുമ്പോൾ താൽക്കാലിക തസ്തിക abolish ചെയ്യപ്പെടും. താൽക്കാലിക തസ്തികകൾ നിലവിലെ cadre strength ന് അധികമായി നിലനിൽക്കും .

കൂടാതെ മേലിൽ സ്പോർട്സ് നിയമനങ്ങളിൽ ഉൾപ്പെടെ തസ്തിക സൃഷ്ടിക്കാതെ ശമ്പളം മാറി നൽകുന്ന രീതി തടയാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അനുമതിയുണ്ട്. "

13) 10.02.2020 ലെ സ.ഉ.(എം.എസ്)നമ്പർ.20/2020/പൊ.ഭ.വ. പ്രകാരം 195 പേർക്ക് നിയമനാനുമതി നൽകിയതിൽ, റഗുലർ തസ്തികയിൽ നിയമനം ലഭിച്ച ഒരാളും താൽക്കാലിക

തസ്തികകളിൽ നിയമനം ലഭിച്ച 13 പേരും ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. പ്രസ്തുത ഉത്തരവ് പ്രകാരം താൽക്കാലിക നിയമനം നൽകിയവരിൽ ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടരുന്നവർക്കായി 77 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും അവർക്കായി 77 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടരുന്നവരെ സംബന്ധിച്ച വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയതിൽ പ്രസ്തുത വകുപ്പിൽ റഗുലർ തസ്തികയിൽ നിയമനത്തിന് അനുമതി നൽകിയ രണ്ടുപേരും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത രണ്ടുപേർക്കും റഗുലർ തസ്തികകളിൽ നിയമനത്തിനാണ് അനുമതി നൽകിയിട്ടുള്ളത് എന്നതിനാൽ അവർക്ക് വേണ്ടി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല. കൂടാതെ ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിൽ താൽക്കാലിക നിയമനത്തിന് അനുമതി നൽകിയ ശ്രീ. ആൻസൽ അലോഷ്യസ് ജോലിയിൽ പ്രവേശിച്ച തീയതിയായ 12/10/2020 ൽ തന്നെ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിച്ചതായി 24/02/2022 ലെ കത്ത് പ്രകാരം ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത വകുപ്പിലും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല. അതിൻപ്രകാരം 10.02.2020 ലെ സ.ഉ(എം.എസ്)നം.20/2020/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക നിയമനത്തിന് അനുമതി നൽകിയ 190 പേരിൽ ജോലിയിൽ പ്രവേശിച്ചവർ 177 പേരും ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടർന്നവർ 74 പേരും, ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിച്ചവർ 103 പേരുമാണ്. ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടർന്നവർക്കായി 74 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം താഴെ പറയും പ്രകാരമാണ്.

| Department | Post | No. of Supernumerary posts to be created. |
|---|---|---|
| General Education | L. D. Clerk | 70 |
| Kerala Public Service Commission | Assistant | 3 |
| O/o the Advocate General | Assistant | 1 |
| **Total** | | **74** |

14) 10/02/2020 ലെ സ.ഉ.(കൈ)നം. 20/2020/പൊ.ഭ.വ. ഉത്തരവ് പ്രകാരം നിയമനം ലഭിച്ചവരിൽ, ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിച്ചവർ 103 പേരാണ്. ഇതിൽ, പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയവരെ (80 പേർ) ആഗിരണം ചെയ്യുന്നതിനായുള്ള ഒഴിവുകൾ ഇല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയ 9 പേരെയും റെഗുലറൈസ് ചെയ്തിട്ടില്ല. അവരെ റെഗുലർ തസ്തികയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള ഒഴിവ് നിലവിൽ വന്നത് 01.06.2021 നാണ്. ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയ 4 പേരെയും റെഗുലറൈസ് ചെയ്തിട്ടില്ല. പ്രസ്തുത ഉദ്യോഗാർത്ഥികളുടെ നിയമനം ക്രമീകരിക്കുന്നതിനുള്ള ഒഴിവുകൾ 10.03.2021, 18.03.2021, 08.04.2021, 23.04.2021 എന്നീ തീയതികളിൽ ഉണ്ടായിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം നൽകിയ 5 പേരിൽ ഉൾപ്പെട്ട 2 പേർ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ റെഗുലർ തസ്തികയിൽ നിയമിച്ചതായും (20/03/2020 ൽ), മറ്റ 3 പേർ ആക്ടീവ് സ്പോർട്സിൽ തുടരുന്നതായും 06.11.2020 ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആക്ടീവ് സ്പോർട്സിൽ തുടർന്നിരുന്ന മൂന്നുപേരിൽ ഉൾപ്പെട്ട രണ്ടുപേർ 14.01.2021, 11.11.2021 എന്നീ തീയതികളിൽ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിച്ചതുപ്രകാരം അതേ തീയതികളിൽ തന്നെ അവരുടെ സേവനം ക്രമപ്പെടുത്തിയിട്ടുണ്ടെന്നും 22.02.2022 ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി. അഡ്വക്കേറ്റ് ജനറൽ ഓഫീസറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയ 4 പേരെ പ്രസ്തുത വകുപ്പിൽ ഒഴിവുകൾ വന്ന മുറയ്ക്ക് 13.11.2020, 18.02.2021 എന്നീ തീയതികളിലും 18.02.2021 ലെ സ.ഉ(എം.എസ്)നം.25/2021/നിയമം പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികയിലും നിയമനം ക്രമീകരിച്ചിട്ടുണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ കൊമേഴ്സ്യൽ ടാക്സ് ഓഫീസർ(സ്റ്റേറ്റ് ടാക്സ് ഓഫീസർ) തസ്തികയിൽ നിയമനം നൽകിയ മൂന്ന് പേരെ, വകുപ്പിലെ സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള ഒരു വർഷത്തെ പരിശീലനം പൂർത്തിയാക്കിയ മുറയ്ക്ക് 23.03.2021, 24.04.2021 എന്നീ തീയതികളിൽ റഗുലർ തസ്തികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

15) 15.07.2019 ലെ G.O.(Rt)No.4180/2019/GAD പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നിർദ്ദേശം 16.12.2019 ൽ ധനകാര്യ വകുപ്പ് അംഗീകരിക്കുകയും പ്രസ്തുത കായിക താരങ്ങളുടെ നിയമനത്തിനായുള്ള വ്യവസ്ഥകൾ ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുമുണ്ടായി. നിയമനം ലഭിച്ച തീയതിയിൽ active sports ൽ നിന്നും

വിരമിക്കുകയോ അല്ലെങ്കിൽ 35 വയസ്സ് കഴിയുകയോ ചെയ്തിട്ടില്ലാത്തവരെ ബന്ധപ്പെട്ട വകുപ്പുകളിലെ തസ്തികകളിൽ തസ്തിക സൃഷ്ടിക്കാതെ താൽക്കാലികമായി നിയമിക്കുവാൻ പ്രസ്തുത വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന സമയത്തുള്ള കായികരംഗത്തെ പ്രവർത്തനം സംബന്ധിച്ച സ്ഥിതി വിവരം ഓരോ ഉദ്യോഗാർത്ഥികളും സമർപ്പിക്കേണ്ടതാണെന്ന ഒരു വ്യവസ്ഥ നിയമന ഉത്തരവിൽ ഭരണ വകുപ്പ് ഉൾപ്പെടുത്തുവാനും 20.05.2006 ലെ G.O.(Ms)No.127/2006/GAD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, ഉദ്യോഗാർത്ഥികൾ ആക്ടീവ് സ്പോർട്സിൽ ആണോ അല്ലയോ എന്നുള്ള വസ്തുത, ഓരോ ഉദ്യോഗാർത്ഥിയും ബന്ധപ്പെട്ട വകുപ്പുകളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു മാസത്തിനകം പരിശോധിക്കുവാനും പ്രസ്തുത വകുപ്പ് 16.12.2019 ൽ നിർദ്ദേശിക്കുകയുണ്ടായി. ആക്ടീവ് സ്പോർട്സിൽ അല്ലാത്തവരുടെ കാര്യത്തിൽ, ഒഴിവുകളുടെ ലഭ്യത പരിഗണിക്കാതെ അവരെ റഗുലർ തസ്തികകളിൽ നിയമിക്കാവുന്നതാണെന്നും അവരെ ഉൾക്കൊള്ളിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ, താൽക്കാലിക നിയമനം നൽകിയശേഷം അടുത്ത ഒഴിവ് ഉണ്ടാകുന്നത് വരെയുള്ള കാലയളവിലേയ്ക്ക് ആവശ്യമായ എണ്ണം താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുവാനും, ആക്ടീവ് സ്പോർട്സിൽ തുടരുന്നവരുടെ കാര്യത്തിൽ, അവർക്ക് താൽക്കാലികമായി നിയമനം നൽകിയ ശേഷം അവർക്കുവേണ്ടി ആവശ്യമായ എണ്ണം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാനും ധനകാര്യ വകുപ്പ് 16.12.2019 ൽ അഭിപ്രായപ്പെടുകയുണ്ടായി. Appointment of outstanding sports persons in Government service എന്ന സ്കീമിൽ 2010-2014 വർഷത്തെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ 21 ക്ലാർക്കുമാരുടേയും 3 ഹൈസ്കൂൾ അധ്യാപകരുടേയും നിയമനങ്ങൾ 16.12.2019 ൽ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായ കുറിപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് 15.12.2021 ൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം, പ്രഗത്ഭ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 24 കായിക താരങ്ങൾക്ക് (എച്ച്.എസ്.എ - 3, എൽ. ഡി. ക്ലാർക്ക് - 21) പൊതുവിദ്യാഭ്യാസ വകുപ്പിൽ താൽക്കാലികമായി നിയമനം നൽകാവുന്നതാണ്. അതിനുശേഷം ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന സമയത്തുള്ള കായിക രംഗത്തെ പ്രവർത്തനം സംബന്ധിച്ച സ്ഥിതിവിവരം പരിശോധിക്കാവുന്നതും, സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള വ്യവസ്ഥകൾ പ്രകാരം ആക്ടീവ് സ്പോർട്സിൽ അല്ലാത്തവർക്ക് റഗുലർ തസ്തികകളിലും ആക്ടീവ് സ്പോർട്സിൽ തുടരുന്നവർക്ക്

സൂപ്പർന്യൂമററി തസ്തികകളിലും നിയമനം നൽകുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. കായിക താരങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥികളുടെ ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവൂ എന്ന നിബന്ധന കൂടി ഉൾപ്പെടുത്താവുന്നതാണ്. 10.02.2020 ലെ സ.ഉ.(എം.എസ്)നം.20/2020/പൊ.ഭ.വ. പ്രകാരം നിയമിക്കപ്പെട്ടവരിൽ, ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടരുന്ന 74 പേർക്ക് വേണ്ടി അവർ നിയമിക്കപ്പെട്ട വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിൽ ജോയിൻ ചെയ്ത തീയതി പ്രാബല്യത്തിൽ 74 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാവുന്നതാണ്. 10.02.2020 ലെ സ.ഉ.(എം.എസ്) നം. 20/2020/പൊ.ഭ.വ. പ്രകാരം നിയമിക്കപ്പെട്ടവരിൽ, നിയമനം ലഭിച്ച തീയതിയിൽ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിക്കുകയോ അല്ലെങ്കിൽ 35 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെ നിയമിക്കുന്നതിനായി റഗുലർ ഒഴിവില്ലാത്ത സ്ഥലങ്ങളിൽ, തൊട്ടടുത്ത റഗുലർ വേക്കൻസി ഉണ്ടാകുന്നതുവരെ താൽക്കാലിക തസ്തിക തുടരുന്നതാണെന്നും റഗുലർ വേക്കൻസി ഉണ്ടാകുമ്പോൾ താൽക്കാലിക തസ്തിക അബോളിഷ് ചെയ്യപ്പെടുമെന്നും താൽക്കാലിക തസ്തികകൾ നിലവിലെ കേഡർ സ്ട്രെങ്ങ്തിന് അധികമായി നിലനിൽക്കുമെന്നുമുള്ള വ്യവസ്ഥയിൽ ആവശ്യമായ എണ്ണം താൽക്കാലിക തസ്തികകൾ സൃഷ്ടിക്കാവുന്നതാണ്. ഫയൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന് മുൻപാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## **തീരുമാനിക്കേണ്ട സംഗതി**

1. കുറിപ്പിലെ 12-ാം ഖണ്ഡികയിലെ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ, 2010 - 14 വർഷത്തേയ്ക്ക് സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും അനുബന്ധം 1 ൽ പറഞ്ഞിട്ടുള്ള തസ്തികകളിൽ 24 കായിക താരങ്ങളെ പൊതുവിദ്യാഭ്യാസ വകുപ്പിൽ താൽക്കാലികമായി നിയമിക്കുന്നതിന് (എച്ച്.എസ്.എ-3, എൽ. ഡി. ക്ലാർക്ക്-21) അനുമതി നൽകാവുന്നതാണോ ?

2. കായിക താരങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥികളുടെ ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവൂ എന്ന നിബന്ധന നിയമന ഉത്തരവിൽ ഉൾപ്പെടുത്താവുന്നതാണോ ?

3. 10.02.2020 ലെ സ.ഉ.(എം.എസ്)നം.20/2020/ജി.എ.ഡി. ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ടവരിൽ, ജോലിയിൽ പ്രവേശിച്ച സമയം ആക്ടീവ് സ്പോർട്സിൽ തുടരുന്ന 74

പേർക്കുവേണ്ടി അവർ നിയമിക്കപ്പെട്ട വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിൽ ജോയിൻ ചെയ്ത തീയതി പ്രാബല്യത്തിൽ അനുബന്ധം – 2 ൽ പറഞ്ഞിരിക്കുന്ന പ്രകാരം 74 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ ?

4. 10.02.2020 ലെ G.O.(Ms)No. 20/2020/GAD പ്രകാരം നിയമിക്കപ്പെട്ടവരിൽ, നിയമനം ലഭിച്ച തീയതിയിൽ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിക്കുകയോ അല്ലെങ്കിൽ 35 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെ നിയമിക്കുന്നതിനായി റഗുലർ ഒഴിവില്ലാത്ത സ്ഥലങ്ങളിൽ, തൊട്ടടുത്ത റഗുലർ വേക്കൻസി ഉണ്ടാകുന്നതുവരെ താൽക്കാലിക തസ്തിക തുടരുന്നതാണെന്നും റഗുലർ വേക്കൻസി ഉണ്ടാകുമ്പോൾ താൽക്കാലിക തസ്തിക അബോളിഷ് ചെയ്യപ്പെടുമെന്നും താൽക്കാലിക തസ്തികകൾ നിലവിലെ കേഡർ സ്ട്രെങ്ങ്തിന് അധികമായി നിലനിൽക്കുമെന്നുമുള്ള വ്യവസ്ഥയിൽ ആവശ്യമുള്ള എണ്ണം താൽക്കാലിക തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ ?

അനുബന്ധം - 1

No. SD1/104/2016-GAD

GA(SERVICES – D) DEPT.

## SPORTS QUOTA APPOINTMENT 2010-2014

### SELECTION LIST OF CANDIDATES FOR THE YEAR 2011

| SL. NO. | NAME & ADDRESS | POST APPLIED | QUALIFICATION, AGE (as on 01.05.2021.) & DATE OF BIRTH | DISCIPLINE | ELIGIBLE POST | WHETHER ACTIVE IN SPORTS/RETIRED | SUPERNUMERARY OR REGULAR |
|---|---|---|---|---|---|---|---|
| 1 | NEETHUMOL G S<br>KITTU BHAVAN<br>KAMBANICHIRA<br>N T WARD<br>AVALOOKKUNNU PO<br>ALAPPUZHA<br>PIN 688006 | LDC | PLUS TWO<br>29,<br>10/03/1992 | ROWING | LDC | ACTIVE | SUPERNUMERARY |
| 2 | NEETHU HARIDAS<br>PANIKKASSERY HOUSE<br>KIZHAKKUMPURAM<br>CHENDAMANGALAM PO<br>NORTH PARAVUR<br>ERNAKULAM<br>PIN 683512 | ASSISTANT<br>LDC<br>PEON/OFFICE ATTENDANT<br>CHOWKIDAR | B COM<br>28,<br>28/05/1992 | VOLLEYBALL | LDC | ACTIVE | SUPERNUMERARY |
| 3 | TINU THANKACHAN<br>KIZHAKKINEDATH HOUSE<br>MONODY<br>VELLIKULANGARA P O<br>THRISSUR<br>PIN 680699 | ASSISTANT<br>LDC<br>HSA | BA<br>28,<br>30/05/1992 | VOLLEYBALL | LDC | ACTIVE | SUPERNUMERARY |
| 4 | ANMARY JOSE<br>MYLETTU HOUSE<br>KORUTHODU P O<br>KORUTHODU<br>KOTTAYAM<br>PIN 686513 | ASSISTANT<br>HSA<br>LDC | BA, BEd<br>32,<br>08/11/1988 | ATHLETICS | HSA | ACTIVE | SUPERNUMERARY |
| 5 | KARTHIKA MOHANAN<br>OZHANKAL HOUSE<br>JOSEGIRI P O, KOCHUPPU,<br>IDUKKI<br>PIN 685565 | ASSISTANT<br>LDC<br>UPSA<br>HSA | BA, MA, BEd<br>31,<br>03/03/1990 | ATHLETICS | HSA | ACTIVE | SUPERNUMERARY |
| 6 | JINTU JOSE<br>MADATHANIYIL HOUSE<br>ANAMANJAL<br>PUNNAKKUNNU P O<br>PARAPPA (VIA)<br>KASARGOD<br>PIN 671533 | ASSISTANT<br>LDC | BA, MA<br>30,<br>01/05/1991 | ATHLETICS | LDC | ACTIVE | SUPERNUMERARY |
| 7 | JITHIN VISWAN R V<br>ROHINI, ANNAL ,<br>PIRAPPANCODE P O<br>THIRUVANANTHAPUIRAM<br>PIN 695607 | HSA<br>ASSISTANT<br>LDC | BA, BPEd<br>30,<br>24/04/1991 | AQUATICS | LDC | ACTIVE | SUPERNUMERARY |
| 8 | RAJESH R<br>RAJ BHAVAN<br>POOVATHOOR<br>NEDUMANGADU<br>THIRUVANANTHAPUIRAM<br>PIN 695561 | LDC<br>PEON/OFFICE ATTENDANT | PLUS TWO<br>28,<br>18/05/1992 | AQUATICS | LDC | ACTIVE | SUPERNUMERARY |

## SELECTION LIST OF CANDIDATES FOR THE YEAR 2012

| SL. NO. | NAME & ADDRESS | POST APPLIED | QUALIFICATION, AGE (as on 01.05.2021.) & DATE OF BIRTH | DISCIPLINE | ELIGIBLE POST | WHETHER ACTIVE IN SPORTS/RETIRED | SUPERNUMERARY OR REGULAR |
|---|---|---|---|---|---|---|---|
| 1 | NEETHU V THOMAS<br>VENKITTACKAL HOUSE<br>KAKKAD PO<br>PAYONA PUDUPPADY<br>KOZHIKODE<br>PIN 673586 | ASSISTANT<br>HSA | BA, BPEd, MPEd<br>32,<br>12/02/1989 | VOLLEYBALL | LDC | ACTIVE | SUPERNUMERARY |
| 2 | VARGHESE V A<br>VEMBIL<br>VAZHAVATTA P O<br>WAYANAD,<br>PIN 673122 | LDC | PLUS TWO<br>30,<br>19/01/1991 | ATHLETICS | LDC | ACTIVE | SUPERNUMERARY |
| 3 | SANDRA K B<br>KALAPURAKKAL HOUSE<br>MUNDOOR PO<br>KODANCHERY<br>KOZHIKODE<br>PIN 673580 | ASSISTANT | BA<br>27,<br>20/11/1993 | VOLLEYBALL | LDC | ACTIVE | SUPERNUMERARY |
| 4 | SHYNI C K<br>CHERUKUNNUMMAL<br>THINOOR, KAKKATTIL<br>KOZHIKODE<br>PIN 673507 | ASSISTANT<br>LDC | BA<br>34,<br>25/04/1987 | VOLLEYBALL | LDC | ACTIVE | SUPERNUMERARY |
| 5 | SALINI THOMAS<br>PERUMBRAYIL<br>ERATTAYAR<br>THULASSIPPARA<br>IDUKKI<br>KERALA<br>PIN 685514 | HSA | BA, MA, BEd<br>31,<br>16/12/1989 | ATHLETICS | HSA | ACTIVE | SUPERNUMERARY |
| 6 | AJITH K R<br>KUNDOLY HOUSE<br>PAMBOOR<br>KUTTUR<br>THRISSUR<br>PIN 680013 | ASSISTANT | BSc<br>27,<br>08/12/1993 | ATHLETICS | LDC | ACTIVE | SUPERNUMERARY |
| 7 | SREERAJ M S<br>SREE VILASAM<br>VENKAVILA<br>PAZHAKUTTY P O<br>NEDUMANGAD<br>THIRUVANANTHAPURAM<br>PIN 695561 | LDC<br>PEON/OFFICE ATTENDANT<br>CHOWKIDAR | PLUS TWO<br>30,<br>18/04/1991 | AQUATICS | LDC | ACTIVE | SUPERNUMERARY |
| 8 | VRINDA S KUMAR<br>THANAL KAVEETTIL<br>VADANAMKURUSSI P O<br>PALAKKAD<br>PIN 679121 | ASSISTANT<br>LDC | BA<br>29,<br>11/09/1991 | CRICKET | LDC | ACTIVE | SUPERNUMERARY |
| 9 | NANDAGOPAN V<br>ARADHANA<br>PALAMKONAM<br>PALAMKONAM P O<br>VENJARAMOODU<br>PIN 695607 | LDC<br>PEON/OFFICE ATTENDANT | PLUS TWO<br>29,<br>21/03/1992 | AQUATICS | LDC | ACTIVE | SUPERNUMERARY |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | FARISHA P<br>PARAPPURATH HOUSE<br>THEKKAN KUTTOOR<br>THALAKKAD<br>TIRUR<br>MALAPPURAM<br>PIN 676551 | ASSISTANT<br>LDC | BSc<br>28,<br>08/11/1992 | ATHLETICS | LDC | ACTIVE | SUPERNUMERARY |
| 11 | SARAN S<br>KARANJANKONAM<br>VILAYIL VEEDU<br>PLAKKEEZHU<br>PIRAPPANCODE PO<br>THIRUVANANTHAPURAM<br>PIN 695607 | ASSISTANT<br>LDC | BSc<br>27,<br>02/05/1993 | AQUATICS | LDC | ACTIVE | SUPERNUMERARY |

## SELECTION LIST OF CANDIDATES FOR THE YEAR 2013

| SL. NO. | NAME & ADDRESS | POST APPLIED | QUALIFICATION, AGE (as on 01.05.2021.) & DATE OF BIRTH | DISCIPLINE | ELIGIBLE POST | WHETHER ACTIVE IN SPORTS/RETIRED | SUPERNUMERARY OR REGULAR |
|---|---|---|---|---|---|---|---|
| 1 | SHAMEER E<br>SALIM MANZIL<br>DAIVAPPURA P.O<br>PERINGAMALA<br>THIRUVANANTHAPUIRAM<br>PIN 695563 | ASSISTANT<br>HSA<br>LDC | BCOM, BPEd, MPEd<br>33,<br>28/02/1988 | SOFTBALL | LDC | ACTIVE | SUPERNUMERARY |

## SELECTION LIST OF CANDIDATES FOR THE YEAR 2014

| SL. NO. | NAME & ADDRESS | POST APPLIED | QUALIFICATION, AGE (as on 01.05.2021.)& DATE OF BIRTH | DISCIPLINE | ELIGIBLE POST | WHETHER ACTIVE IN SPORTS/RETIRED | SUPERNUMERARY OR REGULAR |
|---|---|---|---|---|---|---|---|
| 1 | IJAS ALI K<br>KUNNAN HOUSE<br>THOTTINAKKARA<br>AREACODE POST<br>MALAPPURAM<br>PIN 673639 | PEON/OFFICE<br>ATTENDANT<br>LDC | PLUS TWO<br>26,<br>12/01/1995 | FOOTBALL | LDC | ACTIVE | SUPERNUMERARY |
| 2 | RAJESH SEKHAR E<br>ERAMANGALATH HOUSE<br>PANANGAD P O<br>THRISSUR<br>PIN 680665 | ASSISTANT,<br>LDC, PEON/<br>OFFICE<br>ATTENDANT,<br>CHOWKIDAR | BSc,<br>30,<br>18/04/1991 | VOLLEYBALL | LDC | ACTIVE | SUPERNUMERARY |
| 3 | ANIL KUMAR V<br>THODUKADE<br>THONIPPADAM<br>VAVULLYAPURAM<br>PALAKKAD<br>PIN 678543 | ASSISTANT<br>LDC | BA<br>29,<br>25/05/1991 | AQUATICS | LDC | ACTIVE | SUPERNUMERARY |
| 4 | SUJITH E S<br>ERAKULAM HOUSE<br>KAVASSERY POST<br>ALATHUR TALUK<br>PALAKKAD 678543 | ASSISTANT<br>LDC | BSc<br>28,<br>28/05/1992 | AQUATICS | LDC | ACTIVE | SUPERNUMERARY |

**അനുബന്ധം - 2**

| **Department** | **Post** | **No. of Supernumerary posts to be created.** |
|---|---|---|
| General Education | L. D. Clerk | 70 |
| Kerala Public Service Commission | Assistant | 3 |
| O/o the Advocate General | Assistant | 1 |
| **Total** | | **74** |